**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 11**

**Date : 10.06.2025**

---

# MJSSA കലോത്സവം 2025

## സീനിയർ ( Date of Birth 01.01.2008 to 31.12.2012 )

## " നിങ്ങൾ തെറ്റിപ്പോകാതിരിപ്പാൻ കരുതിക്കൊള്ളണം "
## ( വി. ലൂക്കോസ് 21:8 )

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.ഗീവർഗീസ് ( സജി ) നടുമുറിയിൽ,
റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ
എന്നിവർ തയ്യാറാക്കിയ സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ
---------------------------------------- ---

**Prepared By**



**Rev. Fr. Geevarghese (Saji)**
**Nadumuriyil**

**Assistant Vicar**
**St.Mary's Jacobite Syrian Cathedral**
**Manarcad**



**Rev. Fr. Sobin Elias Varghese**
**Arakalozhathil**

**Vicar**
**St.Thomas Jacobite Syrian Church**
**Arpookkara**

**Assistant Vicar**
**St.Thomas Jacobite Syrian Church Chengalam**

KOTTAYAM
10.06.2025

**ഓരോ വിഷയത്തെക്കുറിച്ചും നൽകിയിട്ടുള്ള രണ്ട് പ്രസംഗങ്ങളും കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക ( Senior – 5 Minutes )**

## പ്രസംഗം - 1

ദൈവ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ. മാന്യ സദസ്സിന് കർത്തൃ നാമത്തിൽ സ്നേഹ വന്ദനം.

പ്രിയരെ,

മലയാളത്തിലെ അനുഗ്രഹീതനായ എഴുത്തുകാരൻ **പെരുമ്പടവം ശ്രീധരൻ** ഈ കാലഘട്ടത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു "ഇത് മഴയ്ക്ക് പോലും തീപിടിക്കുന്ന കാലമാണ്, വേലി തന്നെ വിളവ് തിന്നുന്ന ഒരു കാലമാണ്" അപ്രകാരം തിന്മയും അധാർമികതയും അനീതിയും അവിശ്വാസവും നിറഞ്ഞ ഈ കാലഘട്ടത്തിന് ശ്രദ്ധേയമായ ഒരു ഓർമ്മപ്പെടുത്തൽ ക്രിസ്തു നൽകുകയാണ് വി.ലൂക്കോസിന്റെ സുവിശേഷം 21 ന്റെ എട്ടിലൂടെ " നിങ്ങൾ തെറ്റിപ്പോകാതിരിപ്പാൻ കരുതിക്കൊള്ളണം". ഈ മുന്നറിയിപ്പ് തന്നെ വി. മത്തായി 24 ന്റെ നാലിലും വി. മർക്കോസ് 13 ന്റെ അഞ്ചിലും നാം കാണുന്നു. **"ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളണം"**

ഗ്രീക്ക് ഭാഷയിൽ '**പറൂസിയ**' എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. "ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു എന്ന് അരുളി ചെയ്ത കർത്താവ്, **വി.യോഹന്നാൻ 14:3** ൽ കാണുന്നു "ഞാൻ പോയാൽ നിങ്ങൾക്കായി ഞാൻ സ്ഥലം ഒരുക്കും. വീണ്ടും ഞാൻ വരും; എന്റെ അടുക്കലേക്ക് നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടുപോകും". ഞാൻ ഓരോ ഒരുവനും അവന്റെ പ്രവർത്തികൾക്ക് അനുസൃതമായി പ്രതിഫലം നൽകും എന്നാൽ ഞാൻ ക്രിസ്തു എന്ന് പറഞ്ഞ് നിങ്ങളെ തെറ്റിക്കുന്ന അനേകർ എഴുന്നേൽക്കുന്ന ഈ കാലഘട്ടത്തിൽ ഏറെ ജാഗ്രതയുള്ളവരാകണം നാം ഓരോരുത്തരും.

Kottayam Diocese Kottayam Diocese Kottayam Diocese

പഴയനിയമത്തിലെ മോശയെന്ന ഇസ്രയേലിന്റെ വിമോചന സമരത്തിന്റെ നേതാവ് ചെറുപ്പത്തിലെ തന്റെ മാതാപിതാക്കളെ പിരിയേണ്ടി വന്നവനാണ്. ഫറവോന്റെ കൽപ്പന പ്രകാരം ഇസ്രയേല്യരുടെ എല്ലാ ആൺകുട്ടികളെയും കൊല്ലുവാൻ തുനിഞ്ഞപ്പോൾ, മോശയുടെ മാതാപിതാക്കൾ ഒരു ഞാങ്ങണ തൊട്ടിലിൽ അവനെ ഒഴുക്കി വിടുകയും ഫറവോന്റെ പുത്രി ആ കുഞ്ഞിനെ കാണുകയും അവനെ നദിയിൽ നിന്ന് എടുത്ത് തന്റെ മകനായി വളർത്തുകയും ചെയ്തു. അങ്ങനെ വളർത്തപ്പെട്ട **മോശയെക്കുറിച്ച് ഒരു പാരമ്പര്യ കഥ** ഇപ്രകാരമുണ്ട്. ഫറവോന്റെ പുത്രി ആ കുഞ്ഞിന് പാല്

കൊടുക്കുവാൻ ഇസ്രേല്യയരായിട്ടുള്ള പല അമ്മമാരെയും വിളിച്ചു. കൂട്ടത്തിൽ മോശയുടെ അമ്മയും ഉണ്ടായിരുന്നു. മറ്റുള്ള അമ്മമാർ പാൽ കൊടുക്കുവാൻ ശ്രമിച്ചപ്പോൾ ആ കുഞ്ഞ് അത് സ്വീകരിച്ചില്ല; തന്റെ അമ്മയിൽ നിന്ന് മാത്രമാണ് പാൽ സ്വീകരിച്ചത്. വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു *"വചനം എന്ന കലർപ്പില്ലാത്ത..മായം ഇല്ലാത്ത പാല് ".* അത് മോശ തന്റെ അമ്മയിൽ നിന്ന് സ്വീകരിച്ചതുപോലെ യഥാർത്ഥ ഉറവായ സഭയിൽ എന്ന് മാത്രമേ വിശ്വാസികളായ നാം സ്വീകരിക്കാവൂ. ഇന്ന് നമ്മുടെ ഭവനങ്ങളിൽ നിങ്ങൾ രക്ഷിക്കപ്പെട്ടവരാണോ എന്ന് ചോദിച്ചു ചില ആളുകൾ എത്താറുണ്ട്. വിശുദ്ധ കുർബാനയുടെ ആശിർവാദത്തിൽ പുരോഹിതൻ പറയുന്നതുപോലെ നമ്മുടെ കർത്താവിന്റെ ജയമുള്ള സ്ലീബയാൽ രക്ഷിക്കപ്പെട്ടവരായ നാം എന്ന് തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. കർത്താവ് തന്റെ രക്തം ചൊരിഞ്ഞു വീണ്ടെടുത്ത സഭാ ഗാത്രത്തിന്റെ ഭാഗമാണ് നാം എന്ന ബോധ്യം നമ്മെ നയിക്കണം. അതുകൊണ്ട് *ക്രിസ്തുവിനെയും യഥാർത്ഥ ക്രിസ്തു സഭയേയും തിരിച്ചറിയുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കണം.*

Kottayam Diocese Kottayam Diocese Kottayam Diocese

ക്രിസ്തുവിന്റെ വരവ് ആസന്നമാണ് എന്നതിന്റെ പല അടയാളങ്ങളും ഈ കാലഘട്ടത്തിൽ നാം കാണുന്നുണ്ട്. യുദ്ധങ്ങളും ക്ഷാമങ്ങളും ഭൂകമ്പവും എല്ലാം അവന്റെ വരവിന്റെ സൂചനകളാണ്. ഭവനങ്ങൾ അതിൽ തന്നെ ചിതറിക്കുന്നു. സോദോം ഗോമോറോ പട്ടണത്തിന്റെ നാശത്തിന് കാരണമായ പല പാപങ്ങളുമാണ് ഇന്നും സമൂഹത്തിൽ നടമാടുന്നത്. നമ്മുടെ കൊച്ചു കുഞ്ഞുങ്ങൾ വീട്ടിനുള്ളിൽ പോലും സുരക്ഷിതരല്ലാതായി മാറുന്നു. സ്കൂളുകളിലും കോളേജുകളും പഠിക്കുന്ന കുഞ്ഞുങ്ങളിൽ നല്ലൊരു പങ്കും യാതൊരു സന്മാർഗിക ബോധവും ഇല്ലാതെ നടക്കുന്നു. ഇങ്ങനെ സമൂഹമാകെ തിന്മയുടെ കേദാരമായി മാറുമ്പോൾ, വിളനിലമായി മാറുമ്പോൾ ഈ സ്വാധീനത്തിൽ പെട്ടു പോകാതെ, പരിശുദ്ധാത്മ കൃപയിൽ നയിക്കപ്പെട്ടവരായി തീരുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ജയ് ജീസസ്സ് ക്രൈസ്റ്റ്

---

## പ്രസംഗം - 2

ത്രിയേക ദൈവത്തിന് സ്തുതി

നമുക്ക് ഇന്നിവിടെ ചിന്തിക്കുവാനായിട്ട് കിട്ടിയിരിക്കുന്ന വിഷയം 'നിങ്ങൾ തെറ്റിപ്പോകാതിരിപ്പാൻ കരുതിക്കൊള്ളണം' ശുദ്ധമുള്ളവനായ ലൂക്കോസ് എഴുതിയ സുവിശേഷം 21-ാം അധ്യായത്തിന്റെ എട്ടാം തിരുവചനത്തിലൂടെ നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നിൽ

ശരണപ്പെട്ട അഥവാ തന്നെ അനുഗമിക്കുന്ന തന്റെ ശിഷ്യസമൂഹത്തോട് ആധികാരികമായി സംസാരിച്ച വചനമാണിത്. ആ കാലത്ത് ഇന്നു നാം കാണുന്ന ആധുനിക ലോകത്തിന്റെ സാധ്യതകളല്ല.. അതിനപ്പുറത്ത് മറ്റെന്തൊക്കെയോ.. കാലഘട്ടത്തിന്റേതായ അവസ്ഥയില് ഒരുപാട് തെറ്റി പോവാനുള്ള സാധ്യതകൾ ഉണ്ടായിരുന്നു. അതുകൊണ്ട് ക്രിസ്തു ഓർമ്മപ്പെടുത്തുന്ന കാര്യം ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളണം അഥവാ കരുതിക്കൊള്ളണം.

ക്രിസ്തീയ ജീവിതത്തിൽ ഈ കാലഘട്ടത്തിൽ ഏറ്റവും പ്രസക്തമായ ഒരു വേദഭാഗമാണ്, അതുപോലെ ഒരു ചിന്താവിഷയമാണിത്. കാരണം ഒരുപാട് മനുഷ്യർ തങ്ങൾക്ക് ലഭിച്ച വിളിയും തിരഞ്ഞെടുപ്പും വിട്ട് ഈ ലോകത്തിന് അനുരൂപികളായി സ്വയം തെറ്റി, ദൈവീക മാർഗ്ഗങ്ങളെ വിട്ട് അലസരായി ജീവിക്കുന്നത് നാം കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. നമ്മെ തെറ്റിച്ചു കളയുന്ന ഒട്ടനവധി സാധ്യതകളും സാഹചര്യങ്ങളും പെരുകി നിൽക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. പ്രത്യേകിച്ചും കൗമാരപ്രായത്തിലേക്ക് കടന്നുവരുന്ന നമ്മെ.. നമ്മുടെ പ്രായം പലപ്പോഴും പലതും അറിയുവാനും മനസ്സിലാക്കുവാനും വ്യഗ്രതയുള്ള മനസ്സിന്റെ ഉടമകളാണ് നാം. *ഏദനിൽ ആദ്യമനുഷ്യനോട് ദൈവം പറഞ്ഞത്* "അരുത്, ആ പഴം പറിക്കരുത്, തോട്ടത്തിനു നടുവിലെ വൃക്ഷത്തിന്റെ ഫലം പറിക്കരുത്, തിന്നരുത്. അങ്ങനെ ചെയ്താൽ മരിക്കും" **അരുത് എന്ന് പറഞ്ഞത് ലംഘിച്ചപ്പോഴാണ് പാപം രൂപപ്പെടുന്നത്.** അവരെ തെറ്റിക്കുവാൻ പിശാചിന്റെ രൂപത്തിൽ അവരുടെ ഉള്ളിലേക്ക് പകർന്നുകൊടുത്ത ജഡമോഹവും അതുപോലെതന്നെ ഭൗതിക ആസക്തിയും കൺമോഹവും അവരുടെ ജീവിതത്തെ തകർത്തു കളഞ്ഞു. തെറ്റിക്കുവാൻ ശ്രമിച്ചവൻ അവരെ വീഴിച്ച് എന്നേക്കുമുള്ള നാശത്തിൽ അവർ നിബധിച്ചു പോയി. എന്നാൽ അതിൽ നിന്നും നമ്മെ കരകയറ്റാൻ വന്ന ക്രിസ്തു, നമുക്ക് നൽകുന്ന ഏറ്റവും വലിയ സന്ദേശമാണ് ആരും നിങ്ങളെ തെറ്റിക്കരുത്, തെറ്റിപ്പോകാതിരിക്കാൻ കരുതിക്കൊള്ളണം.

Kottayam Diocese Kottayam Diocese Kottayam Diocese

ഇന്നും ജഡികാസക്തി പലപ്പോഴും മനുഷ്യനെ അവന്റെ വിളിയിൽ നിന്ന് തകർത്തു കളയുന്ന ഏറ്റവും വലിയ കാര്യമാണ്. അഥവാ ഏറ്റവും വലിയ തിന്മയാണ്. **ന്യായാധിപന്മാരുടെ പുസ്തകം 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ** നിറഞ്ഞുനിൽക്കുന്ന ഒരു മനുഷ്യനാണ് **ശിംശോൻ**. നാം അവനെക്കുറിച്ച് ആഴമായി വായിച്ചു ധ്യാനിക്കുമ്പോൾ, അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനാണ്. ഒരു വേർപാടിന്റെ ജീവിതം നയിക്കപ്പെടുവാൻ തക്കവണ്ണം ദൈവത്തിൽ നിന്ന് ആഹ്വാനം പ്രാപിച്ചവനാണ്. വേർപാട് ഏതെല്ലാം നിലയിൽ ആയിരിക്കണം എന്നുള്ളത് അവനെ അറിയിച്ചിട്ടുണ്ട്. എന്നാൽ **ജഡികാസക്തി**, ദലീല എന്ന് പറയുന്ന ഒരു സ്ത്രീയോടുള്ള അവന്റെ അമിതമായ സ്നേഹവും അവളെ സ്വന്തമാക്കുവാൻ ഉള്ള അവന്റെ താൽപര്യവും 'ഇതാ അവനിൽ ജഡികാസക്തിയെ അതിശക്തമായി ജ്വലിപ്പിച്ച്' പലപ്രാവശ്യം ദൈവം അതിൽ നിന്ന് വിലക്കുവാനുള്ള അവസരങ്ങൾ കൊടുത്തിട്ടും അവൻ ദൈവവചനത്തെയോ ദൈവ ഇഷ്ടത്തെ ചേർത്തു പിടിക്കാതെ, അവൻ ജഡികാസക്തിക്ക് അടിമപ്പെട്ടപ്പോൾ, എന്നേക്കുമുള്ള തകർച്ച... എന്നേക്കുമുള്ള ഒരു വീഴ്ച്ച അവന്റെ ജീവിതത്തിൽ സംഭവിക്കുന്നത് നമുക്ക്

കാണുവാൻ സാധിക്കും. ഒരു കഴുതയുടെ താടി എല്ലുകൊണ്ട് പതിനായിരക്കണക്കിന് ഫെലിസ്ത്യരെ അരിഞ്ഞു വീഴ്ത്തിയവൻ, ഇതാ അവനിൽ വസിച്ചിരുന്ന വിളിയുടെ അടയാളങ്ങൾ അഥവാ പരിശുദ്ധാത്മാവിന്റെ കൃപകൾ നഷ്ടപ്പെടുത്തി കളഞ്ഞപ്പോൾ, ഇതാ ഫെലിസ്ത്യർക്ക് മുൻപിൽ ഒരു കുട്ടി കുരങ്ങനെ പോലെ അവൻ തകർന്നു പോകുന്നത് കാണുവാൻ സാധിക്കും. അപ്പോൾ **ഒന്ന്**, *തെറ്റി പോവാതിരിക്കാൻ ജഡികാസക്തി ജയിച്ചു ജീവിക്കാൻ നമുക്ക് സാധിക്കണം*.

**രണ്ട്**, **ധനാസക്തി**. ധനത്തോടുള്ള അമിതമായ ആഗ്രഹം. പൗലോസ് അപ്പസ്തോലൻ **തീമോത്തെയോസിന് എഴുതിയ ഒന്നാം ലേഖനം ആറാം അദ്ധ്യായം 10,11 വാക്യങ്ങൾ** വായിക്കുമ്പോൾ ഇപ്രകാരം കാണുന്നു. " എല്ലാ തിന്മകളുടെയും മൂലം ദ്രവ്യാഗ്രഹമാകുന്നു. ചിലർ അതിനെ മോഹിച്ചിട്ട് വിശ്വാസത്തിൽ നിന്നും തെറ്റിപ്പോകുകയും, വളരെയേറെ ദുരിതങ്ങൾക്ക് സ്വയം അധീനരാകുകയും ചെയ്തിട്ടുണ്ട്. നീയോ ദൈവത്തിന്റെ മനുഷ്യാ, ഇവയിൽ നിന്നും വിട്ടോടി, പുണ്യം, നീതി, വിശ്വാസം, സ്നേഹം, സഹനശക്തി, താഴ്മ എന്നിവയുടെ പിന്നാലെ പാഞ്ഞെത്തുക". പൗലോസ് ഇങ്ങനെയാണ് പറയുന്നത്, സകല തിന്മകളുടെയും മൂല കാരണം ദ്രവ്യാഗ്രഹമാണ്. അതുകൊണ്ട് ദൈവത്തിന്റെ മനുഷ്യാ, നീ അത് വിട്ടോടി ദൈവത്തിലുള്ള വിശ്വാസത്തിൽ മുന്നോട്ടുപോവുക. അതായത് തെറ്റിച്ചു കളയുവാൻ ഏറ്റവും സാധ്യതയുള്ള കാര്യം ധനാസക്തിയാണ്. ധനാസക്തി ഒരുപാട് ആത്മീയരെ തകർത്തു കളഞ്ഞ ഏറ്റവും വലിയ തിന്മയാണ്. ഇന്നും അനേകരെ വീഴിക്കുന്നത് ധനാസക്തിയാണ്. നാം ഇന്ന് ലോകത്ത് കാണുന്ന ഒട്ടനവധി പാപത്തിന്റെ അരൂപി, കൊലപാതകം, വിശ്വാസവഞ്ചന... ഒരുപാട് ഒരുപാട് തിന്മകൾ... പ്രിയപ്പെട്ടവരെ നമ്മളിൽ സംഭവിക്കുന്നത് ധനാസക്തിയിൽ നിന്നാണ്. ധനാസക്തി അനേകരെ തെറ്റിച്ചുകളയുന്നു . അവരുടെ മേൽ കിടക്കുന്ന ദൈവവിളിയുടെ മനോഹരത്വം നഷ്ടപ്പെടുത്തി കളയുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

അതുകൊണ്ട് ദൈവത്തിന്റെ വലിയ കാരുണ്യം നമ്മുടെ മേൽ കിടക്കുന്ന വിളി നഷ്ടപ്പെട്ടു പോകാതിരിക്കാൻ *ജഡികാസക്തിയിൽ നിന്നും ധനാസക്തിയിൽ നാം പൂർണ്ണമായി വിടുതൽ പ്രാപിപ്പാൻ പ്രത്യേകം ശ്രദ്ധിക്കുക.* വീണ്ടും നമ്മുടെ മേൽ കിടക്കുന്ന ദൈവവിളി, അത് ഒരു സമർപ്പിതമായ നിലയിൽ പൂർണ്ണ ജയത്തോടെ അനുഭവിക്കണമെങ്കിൽ പൗലോസ് അപ്പസ്തോലൻ പറയുന്ന മറ്റൊരു മനോഹരമായ വചനമുണ്ട്. **1 കോരിന്ത്യർ 15:19** "നാം മ്ശീഹായിൽ പ്രത്യാശ വെക്കുന്നത് ഈ ജീവിതത്തിൽ മാത്രമാണെങ്കിൽ നാം എല്ലാ മനുഷ്യരെക്കാളും നിർഭാഗ്യവാന്മാരത്രെ" അപ്പോൾ ഈ ആയുസ്സിൽ മാത്രം പ്രതീക്ഷ വച്ചുകൊണ്ട് നാം ജീവിച്ചാൽ അത് ഏറ്റവും വലിയ തിന്മയായി പൗലോസ് ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് നമുക്ക് നമ്മുടെ ജീവിതം, നമുക്ക് ലഭിച്ചിരിക്കുന്ന ദൈവവിളി.. അതൊക്കെ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുവാൻ പരിശുദ്ധാത്മാവാം ദൈവം നമ്മെ ഒരുക്കട്ടെ. നമുക്ക് ലഭിച്ചിരിക്കുന്ന ഈ വിഷയത്തിൽ ഊന്നി കൊണ്ട് അനുഗ്രഹീതമായ ജീവിതം നയിക്കാൻ പരിശുദ്ധാത്മാവ് നമ്മെ ഒരുക്കട്ടെ.

ദൈവത്തിനു സ്തുതി. എല്ലാവർക്കും നന്ദി.

https://mjssakottayamdiocese.com/kalolsavam

--------------------------------------- ---

**പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.**

- **യാക്കോബ് 1:5**

" നിങ്ങളിൽ ഒരുവനു ജ്ഞാനം കുറവായിരിക്കുന്നുവെങ്കിൽ കുറ്റപ്പെടുത്താതെ എല്ലാവർക്കും ധാരാളമായി കൊടുക്കുന്ന ദൈവത്തോട് അവൻ യാചിക്കട്ടെ "

- **1 യോഹന്നാൻ 4:1**

" എന്റെ വത്സലരേ, വളരെയേറെ കള്ളപ്രവാചകന്മാർ ലോകത്തിൽ ഇറങ്ങിയിരിക്കകൊണ്ട് നിങ്ങൾ എല്ലാ ആത്മാക്കളെയും വിശ്വസിക്കാതെ, അവർ ദൈവത്തിൽ നിന്നുള്ളവരോ എന്ന് വേർതിരിച്ച് അറിയണം"

- **വി. മത്തായി 24: 4,5**

" ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ പലരും എന്റെ നാമത്തിൽ വന്ന് ഞാൻ മ്ശീഹാ ആകുന്നു എന്നു പറഞ്ഞ് അനേകരെ തെറ്റിക്കും "

Kottayam Diocese Kottayam Diocese Kottayam Diocese

- **ഏറമിയാ 23:16**

" സർവശക്തനായ ദൈവം കല്പിക്കുന്നു: നിങ്ങളോട് പ്രവചിച്ചു വഴിതെറ്റിക്കുന്ന കള്ളപ്രവാചകന്മാരുടെ വാക്കുകൾ നിങ്ങൾ കേൾക്കരുത് "

- **വി. മർക്കോസ് 13:5**

"ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളണം"

| Category | Date of Birth | Time | Total Marks |
| --- | --- | --- | --- |
| Senior | 01.01.2008 to 31.12.2012 | 5 Minutes | 100 |

| Scoring Indicators | Marks | | Scoring Indicators | Marks |
| --- | --- | --- | --- | --- |
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്ഫുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്ഫുടത | 10 | | ഉപസംഹാരം | 5 |

Kottayam Diocese Kottayam Diocese Kottayam Diocese

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.ഗീവർഗീസ് ( സജി ) നടുമുറിയിൽ, റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള രണ്ട് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com/kalolsavam

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

## A. ആരാധനാഗീതം മലയാളം

### ശുബ്ക്കോനോ ശുശ്രൂഷ

**----------------**

**Song No: 20**

പാ-പം-ചെയ്തേൻ.. **https://youtu.be/w5UFhbMUIQY**

**Song No: 21**

സ്നേഹത്തരുവേ! നീ.. **https://youtu.be/kerKj-IsIYE**

**Song No: 22**

കല്പനകാപ്പാനന്യോന്യം.. **https://youtu.be/2iwiCJUiYqg**

**Song No: 23**

ഈശാ! നാഥാ! വരിക.. **https://youtu.be/xUtoAZ39aww**

### ഊശാന പെരുന്നാൾ

**---------------**

**Song No: 24**

യേറുശലേമേറുന്നോനെ.. **https://youtu.be/8DWgbBojPwE?si=gsREWCZgaQolTznk**

**Song No: 25**

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ.. **https://youtu.be/ht32Sz4w5_w**

### കാൽകഴുകൽ ശുശ്രൂഷ

**---------------**

**Song No: 26**

ഭയമൊടുസ്രാ- പ്പികൾ.. **https://youtu.be/0a7L2Q7PLSY**

**Song No: 27**

ഈറയസേവിതനുടയോനേ.. **https://youtu.be/XZUpu66y-M0**

**Song No: 28**

സ്നേഹത്തൊടു വിശ്വാസത്തിൻ.. **https://youtu.be/CH_Mz1O_W-4**

**Song No: 29**

അപ്പൊസ്തോലർ - പന്തിയിരിപ്പാൻ.. **https://youtu.be/B0zf2HdIg7Y**

**Song No: 30**

ശിഷ്യരുമായെത്തി - മാളികയിൽ.. **https://youtu.be/urFuv6LSCXk**

ദുഃഖവെള്ളി ( വലിയ വെള്ളി )

---------------

**Song No: 31**

സീയോനിൽ - തരുവിൽ ക്രൂശേറ്റോ-നേ..  https://youtu.be/KdJ1LoDnUUo

**Song No: 32**

ദേവേശാ! - മശിഹായേ! സ്ലീബാ..  https://youtu.be/eBoY8XfhZRA

**Song No: 33**

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും.. https://youtu.be/gEOvO3ViOJQ

**Song No: 34**

ദേ-വാ മശിഹാ! മാനവരേ.. https://youtu.be/TMATI7PUtCM

**Song No: 35**

ആ സമയം ദയനീ-യം.. https://youtu.be/gX_Z_hN3FSs

ഉയിർപ്പ് പെരുന്നാൾ

---------------

**Song No: 36**

മോദം ഭൂസ്വർഗ്ഗങ്ങൾ.. https://youtu.be/ITPtZHZ4-Gw

പെന്തിക്കോസ്തി പെരുന്നാൾ

--------------

**Song No: 39**

സത്യമതാം-വാഗ്ദത്തം.. https://youtu.be/JVuhCTRJzIA

**Song No: 40**

റൂഹ്ക്കുദിശാ-യവരോഹം.. https://youtu.be/m7s4lhWE6II

**Song No: 41**

ഈശാ-നാഥാ! വാരപ്പെരുന്നാളാ..  https://youtu.be/aMK7m8EYRIk

പുരുഷന്മാരുടെ ശവസംസ്ക്കാരം

--------------

**Song No: 75**

ആദമിലാ-രംഭി- ച്ഛായതമായ്..  https://youtu.be/_iT1eCjWOAQ

https://youtu.be/iQISoXSy7Ns

**Song No: 76**

ന്യായാധിപ നാഥാ!.. **https://youtu.be/leBmaPTOFpM**

**Song No: 77**

ഉ-ത്ഥാനദിനേ- മൃതജനത.. **https://youtu.be/xMlHn4NoVxE**

**Song No: 78**

സോദരരേ-കൂടിൻ.. **https://youtu.be/AjnBE349xTw**

**Song No: 79**

ധന്യൻമശിഹാ! വാക്കാൽ.. **https://youtu.be/XCHLSG-BTPA**

**Song No: 80**

നിൻശരണേ മൃതനാം-ദാസ.. **https://youtu.be/0hY-CsAqMEU**

സ്ത്രീകളുടെ ശവസംസ്ക്കാരം

--------------

**Song No: 82**

പടുവൃദ്ധതയിൽ കാനാനിൽ.. **https://youtu.be/dFsj_07r6Xg**

**Song No: 83**

നാ-ഥാ! മൃതയാ-മീ ദാസിക്കേ.. **https://youtu.be/k2Tc-iJVAN8**

**Song No: 84**

ഇരുലോകത്തും- മേവുന്നേ.. **https://youtu.be/BVfu5gapunY**

കുട്ടികളുടെ ശവസംസ്ക്കാരം

---------------

**Song No: 85**

അല്പായുസ്സിൽ കറതീ-ണ്ടാ.. **https://youtu.be/CbcEq3BMAyI**

**Song No: 86**

പ്രളയം ഭൂമിയിലുളവാകും.. **https://youtu.be/pmKvkKxVEzk**

**Song No: 87**

സ്നേഹ-ത്താലെത്തി - കുരിശാൽ.. **https://youtu.be/JA3hkymsMi0**

---

**@avinesh thandasseril, Director**

## B. ആരാധനാഗീതം സുറിയാനി

### ശുബ്ക്കോനോ ശുശ്രൂഷ

-------------

**Song No: 20**

ഹ്ത്തിസ് ലോക്ക് ഹോയെൻ.. https://youtu.be/5RWWoEe_Wo4

**Song No: 21**

ഓ ഹൂബോ ക്മോ.. https://youtu.be/Z0lbvzXbzM0

**Song No: 22**

ആഹായ് നാഹേബ് ലഹ്ദോദെ.. https://youtu.be/r-dy8YGEUro

### ഊശാന പെരുന്നാൾ

-------------

**Song No: 24**

ഒമറീൻ സോബേ ലത്.. https://youtu.be/IxS4kQonJ4c

### കാൽകഴുകൽ ശുശ്രൂഷ

-------------

**Song No: 26**

ഹാവ് ദസ്റോഫെ ബ്ദേഹ്.. https://youtu.be/LKSuCeTdxA0

**Song No: 28**

കുൽ ഐനോ ദ്ലോ.. https://youtu.be/aSS3ViWjEo0

**Song No: 29**

എസ്ക് ഗൂദോ ദ്ശ്ലീഹൂസോ.. https://youtu.be/uJNJjU08aTE

**Song No: 30**

എത്കാനാശ് റാബോ.. https://youtu.be/uTyX_Q4avm4

### ദുഃഖവെള്ളി ( വലിയ വെള്ളി )

--------------

**Song No: 31**

ഹവ് ദെ- സ്തേലേബ്.. https://youtu.be/x1FMUNfZ6-g

**Song No: 33**

ലമ്ശീഹോ ദ് എസ്തറിമം.. https://youtu.be/HKcTXID7w4M

## പുരുഷന്മാരുടെ ശവസംസ്ക്കാരം

---------------

**Song No: 78**

**എസ്കാനാശ് ആഹായ്.. [https://youtu.be/_Piue1GMxDA](https://youtu.be/_Piue1GMxDA)**

## സ്ത്രീകളുടെ ശവസംസ്ക്കാരം

---------------

**Song No: 82**

**മീസസ് സാറോ അഖ്.. [https://youtu.be/t1RgA999-Sw](https://youtu.be/t1RgA999-Sw)**

## കുട്ടികളുടെ ശവസംസ്ക്കാരം

---------------

**Song No: 86**

**മെൻ ക്ദോം ദ് നെഹ്.. [https://youtu.be/Av5fr-_6TDI](https://youtu.be/Av5fr-_6TDI)**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

------------------------

2025 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളാണ് ഇതൊടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു. ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ ഈ ലിങ്കും യൂട്യൂബ് വീഡിയോകളും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ
**9061200790**

https://mjssakottayamdiocese.com/kalolsavam

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

KOTTAYAM
10.06.2025